# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരംപുത്തുര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD9-1367/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/11/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരംപുത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD9-1367/2021 തീയ്യതി: 26/11/2021

## പാലക്കാട് ജില്ലയിലെ കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുമാരംപുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ .എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ:നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീ:ശിവപ്രസാദ്.എം -അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി:താരീഖ് .എം.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ:മോഹനൻ .കെ.എ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ:ഹുസൈൻ കോളശ്ശേരി | പ്രസിഡന്റ് | 01-04-2019 | 10-12-2019 |
| ശ്രീ.ഹംസ.കെ.പി | പ്രസിഡന്റ് | 11-12-2019 | 31-03-2020 |
| ശ്രീ.സജീവേന്ദ്രൻ .വി.എ | സെക്രട്ടറി | 01-04-2019 | 08-08-2019 |
| ശ്രീ.ശിവപ്രകാശൻ.കെ | സെക്രട്ടറി | 09-08-2019 | 22-10-2019 |
| ശ്രീ.സുരേഷ് ബാബു .പി | സെക്രട്ടറി | 23-10-2019 | 02-12-2019 |
| ശ്രീ.രാധാകൃഷ്ണൻ.കെ.വി | സെക്രട്ടറി | 03-12-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ:രാജൻ എൻ.എ | അസി.എൻജിനിയർ | 01-04-2019 | 24-07-2019 |
| ശ്രീ.റഷീദ് .ഇ | അസി.എൻജിനിയർ | 25-07-2019 | 31-03-2020 |
| ശ്രീമതി.ശാന്തി എലിസബത്ത് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ..സെയ്ത് അബുബക്കർ സിദ്ധിക്ക് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ.വിജയകുമാർ .കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീലത.കെ | ICDS സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ഡോ.അബ്ദുൾ റഷീദ്.വി.പി | മെഡക്കിൽ ഓഫീസർ (PHC) | 01-04-2019 | 31-03-2020 |
| ഡോ.മീര .ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ.സുബൈർ.എം | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്യാമ .പി.എം | ഡി.ഇ.ഒ | 01-04-2019 | 12-06-2019 |
| ശ്രീമതി.പ്രിയ.പി.ബി | ഡി.ഇ.ഒ | 13-06-2019 | 31-03-2020 |
| ശ്രീ.മധു.സി.ആർ | അസി.സെക്രട്ടറി | 01-04-2019 | 27-07-2019 |
| ശ്രീമതി.റംലബീവി | അസി.സെക്രട്ടറി | 28-07-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 04-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-1 |
| 2 | യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 04-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-1-1 |
| 3 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Tharick (Senior Grade Auditor, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-2 |
| 5 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ -അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 22-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: M.S.Tharick (Senior Grade Auditor, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-4 |
| 8 | സർക്കാർ ഗ്രാന്റ് 1.24 കോടി ലാപ്സാക്കി -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-4-1 |
| 9 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-7 |
| 12 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-10 |
| 15 | റേഷൻ കടകളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി ലൈസൻസ് നൽകിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 13-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-11 |
| 16 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Mohanan K.A (Auditor, On 18-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-12 |

| | | |
|---|---|---|
| 17 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച്ച<br>Written By: Mohanan K.A (Auditor, On 22-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-13 |
| 18 | ഷോപിങ് കോംപ്ലക്സ് ഉടമയിൽ നിന്നും വർഷങ്ങളോളമായി വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല.<br>Written By: Mohanan K.A (Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-13-1 |
| 19 | കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി-ഡിമാന്റിൽ കുറവ് - വരുമാന ചോർച്ച<br>Written By: Mohanan K.A (Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-13-2 |
| 20 | വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക്- ഇളവു ലഭ്യമാകുന്നതിന് സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.<br>Written By: Mohanan K.A (Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-14 |
| 21 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-15 |
| 22 | മരാമത്ത് -മതിയായ സ്റ്റാമ്പ് ഡ്യൂട്ടിയിൽ എഗ്രിമെന്റ് ചമച്ചില്ല<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-16 |
| 23 | മരാമത്ത് പ്രവർത്തികൾ-പൂർത്തീകരണ തീയ്യതി ദീർഘിപ്പിച്ചത് സപ്ലിമെന്ററി എഗ്രിമെന്റു വച്ചിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-16-1 |
| 24 | അസി.എൻജിനിയർ -മരാമത്ത് പ്രവർത്തികളുടെ അവലോകനം<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-17 |
| 25 | കൺവീനർ പ്രവർത്തി -അധിക തുക അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-18 |
| 26 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം -ലക്ഷ്യം കൈവരിച്ചില്ല<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-19 |
| 27 | ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-20 |
| 28 | പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-21 |
| 29 | MGNREGS -മെറ്റീരിയൽ പർച്ചേസ് -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-22 |
| 30 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല | 1-23 |

| | | |
|---|---|---|
| | Written By: M.S.Tharick (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | |
| 31 | തുല്യതാ പരീക്ഷ - പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കൽ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-24 |
| 32 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-25 |
| 33 | അസിസ്റ്റന്റ് സെക്രട്ടറി-ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.Sivaprasad (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-26 |
| 34 | അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-27 |
| 35 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കിയിട്ടില്ല<br>Written By: M.Sivaprasad (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-28 |
| 36 | ഐ കെ എം ന് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: M.Sivaprasad (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-29 |
| 37 | ഇ-ടെൻണ്ടർ-ടെൻണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും തുക തിരികെ ലഭ്യമാക്കിയിട്ടില്ല.<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-30 |
| 38 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: M.Sivaprasad (Asst. Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൺവീനർ പ്രവർത്തി-അധിക തുക അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച്<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 05-10-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ /തിരിച്ചടവ്<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 05-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 05-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 05-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക ബജറ്റ് സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച **'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ'** അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

27-2-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. (1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പാസാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷത്തെ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 9913987 |
| തൻവർഷ പ്രതീക്ഷിത വരവ് | 345207000 |
| ആകെ പ്രതീക്ഷിത വരവ് | 355120987 |
| പ്രതീക്ഷിത ചെലവ് | 353032083 |
| നീക്കിയിരിപ്പ് | 2088904 |

### 1-1-1 യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത ബജറ്റ്

ഓഡിറ്റ് വർഷത്തെ യഥാർത്ഥ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 14259879 |
| തൻവർഷം വരവ് | 96117782 |
| ആകെ വരവ് | 110377661 |
| ചെലവ് | 93453712 |
| നീക്കിയിരിപ്പ് | 16923949 |

യാഥാർത്ഥ്യ ബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരും , ജീവനക്കാരും , ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമ പഞ്ചായത്തിൻറ 2019-20 ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ട രേഖകൾ ഫയലിലില്ല . നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ ലഭ്യമായതായി കാണുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് മാന്വലിൽ നിർദ്ദേശിക്കപ്പെട്ട സമയക്രമം പാലിച്ചതായും കാണുന്നില്ല.

തുടർവർഷങ്ങളിൽ ബജറ്റ് നടപടികളുടെ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 26-05-2020 | - | - |

## 1-2-1 അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ -അപാകതകൾ

1) പെർമിറ്റ് ഫീ ഇനത്തിൽ 2019-20വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം-153528/- രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവ് വന്ന രേഖപ്പെടുത്തലുകളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീസിനത്തിൽ 146919/- രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുവന്നതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല.

3) വാർഷിക ധനകാര്യ പത്രിക പ്രകാരം " Liability In Respect Of Stale Cheque' എന്ന ഹെഡിൽ 29677/- രൂപ കാണിച്ചിട്ടുണ്ട്. ആയതിന്റെ ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) 2019-20 വർഷത്തിലെ പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് വാടക സംബന്ധിച്ച സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയ വാടക രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

5) "Other Deposit"വാർഷിക ധനകാര്യ പത്രിക പ്രകാരം-54159-( Schedule B-7) കാണിച്ചിട്ടുണ്ട് .ആയതിന്റെ ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കിയിട്ടില്ല.

**7)** സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

8) സംയുക്ത പ്രൊജക്ട് ഫണ്ട് Schedule B-4പ്രകാരം ബ്ലോക്ക് പഞ്ചായത്ത്- 107215/- രൂപ, ജില്ലാ പഞ്ചായത്ത് 1482634/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

9) വെള്ളക്കര രജിസ്റ്റർ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

10)അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് (SBI നം-37364605862 ) 31.3.2020 ൽ 44779.50 രൂപ നീക്കിയിരിപ്പ് ഉള്ളത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14259879 |
| വരവ് | 96117782 |
| ആകെ | 110377661 |
| ചെലവ് | 93453712 |
| നീക്കിയിരിപ്പ് | 16923949 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ആയ തുക |
| വികസനഫണ്ട് -ജനറൽ | 0 | 21277493 | 21277493 | 19715934 | 1561559 |
| വികസനഫണ്ട് -എസ്.സി.പി | 0 | 16610726 | 16610726 | 6074611 | 10536115 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 1452000 | 1452000 | 0 | 1452000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 19351000 | 19351000 | 12402789 | 6948211 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6763888 | 6763888 | 5404300 | 1359588 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | | 19292713 | 19292713 | 10840203 | 8452510 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ് | 0 | 8670000 | 8670000 | 2294862 | 6375138 |

**കേന്ദ്രാവിഷ്കൃതം**

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1113889 | 1305883 | 2419772 | 1000000 | 1419772 |

**2. തൊഴിലുറപ്പ് പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12701 | 1349151 | 1361852 | 1357246 | 4606 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 21903463 | 24903463 | 24903463 | 0 |

**3. ശുചിത്വ ഫണ്ട്**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1770000 | 0 | 1770000 | 0 | 1770000 |

**സംസ്ഥാനാവിഷ്കൃതാവിഷ്കൃതം**

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സാക്ഷരത | 108398 | 4336 | 973291 | 0 | 112734 |
| *എസ്.എസ്.എ* | 14876 | 552 | 15428 | 0 | 15428 |
| *കുടിവെള്ളം -ഗ്രാന്റ്* | 0 | 3520000 | 3520000 | 0 | 3520000 |
| ശുചിത്വം-ഗ്രാന്റ് | 798271 | 0 | 798271 | 0 | 798271 |

ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 0 | 16400000 | 16400000 | 16400000 | 0 |

**1-4-1 സർക്കാർ ഗ്രാന്റ് 1.24 കോടി ലാപ്സാക്കി -മോണിട്ടരിങ് കാര്യക്ഷമമാക്കണം**

2019-20 ൽ ലഭ്യമാക്കിയ സർക്കാർ ഗ്രാന്റിൽ ചെലവഴിക്കപ്പെടാത്തതിനാൽ 1.24 കോടി രൂപ ലാപ്സാക്കിയിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 13844583 | 13844583 | 11013884 | 2830699 | 80% |
| പ്ലാൻ (SCP) | 0 | 8520353 | 8520353 | 3096893 | 5423460 | 36% |
| പ്ലാൻ (TSP) | 0 | 432000 | 432000 | 60761 | 371239 | 14% |
| CFC | 0 | 11443821 | 11443821 | 10213294 | 1230527 | 89% |
| റോഡ് (MG) | 0 | 13142000 | 13142000 | 12342205 | 799795 | 93% |
| റോഡിതരം (MG) | 0 | 4384000 | 4384000 | 2625626 | 1758374 | 60% |
| ആകെ | 0 | 51766757 | 51766757 | 39352663 | 12414094 | 76% |

സമയബന്ധിതമായി പ്രൊജക്ടുകൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ് . മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 351 | 148196817 | 232 | 79738576 | 0 | 119 | 66% |

അംഗീകാരം ലഭ്യമായ പ്രോജക്ടുകളിൽ 66% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 53.80% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

**1-5-1**

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 0 | 3162466 | 947632 | 30% |
| വെറ്റിനറി സർജൻ | 13 | 11 | 2 | 5062400 | 2808930 | 55% |
| MO (PHC) | 9 | 7 | 2 | 2190635 | 1232455 | 56% |
| MO (ആയുർവ്വേദം) | 1 | 1 | 0 | 500000 | 500000 | 100% |
| വി.ഇ.ഒ | 20 | 10 | 10 | 54113170 | 27455751 | 51% |

| | | | | | | |
|---|---|---|---|---|---|---|
| ICDS സൂപ്പർ വൈസർ | 10 | 4 | 6 | 7896200 | 4993207 | 63% |
| DEO | 1 | 1 | 0 | 750000 | 117316 | 16% |
| സെക്രട്ടറി | 33 | 16 | 17 | 14861980 | 9529588 | 64% |
| അസി.എൻജി. | 226 | 160 | 66 | 52845677 | 30746387 | 58% |
| ഹെഡ് മാസ്റ്റർ | 14 | 8 | 6 | 1880000 | 1034523 | 55% |
| അസി.സെക്രട്ടറി | 17 | 7 | 10 | 4934289 | 372787 | 7.5% |
| ആകെ | 351 | 232 | 119 | 148196817 | 79738576 | 53.80% |

മേൽ പ്രകാരം അസി.സെക്രട്ടറി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ , കൃഷി ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് 50 ശതമാനത്തിൽ താഴെ മാത്രമാണ് . മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 12701 | 1349151 | 1361852 | 1357246 | 4606 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 21903463 | 21903463 | 21903463 | 0 |
| ആകെ | 12701 | 23260709 | 23273410 | 23268804 | 4606 |

2019-20 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 3832 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 1015 പദ്ധതികളിൽ 187 എണ്ണം നടപ്പാക്കി. ഇതിൽ 62 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 16 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 14 |
| കോഴിക്കൂട് | 2 |
| ആട്ടിൻ കൂട് | 1 |
| തൊഴുത്ത് | 1 |
| കയർ ഭൂവസ്ത്രം | 5 |
| ആകെ | 23 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 114840 | 143 |
| 2 | കർഷക തൊഴിലാളി | 2917200 | 493 |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| 3 | വിധവാ പെൻഷൻ | 8591400 | 1401 |
| 4 | വാർദ്ധക്യകാല പെൻഷൻ | 11160600 | 1884 |
| 5 | വികലാംഗ പെൻഷൻ | 2305400 | 390 |
| 6 | 50വയസ്സ്കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 296400 | 410 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-10-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22788/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം ജീവനക്കാരുടെ അപര്യാപ്തത മൂലം കാര്യക്ഷമമല്ല.

വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിൽ സെക്ഷനുകൾ കൃത്യത ഉറപ്പാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കാത്തതിനാൽ നികുതിയിനത്തിൽ വലിയ തുക കുറവുണ്ടാകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കാലാകാലങ്ങളിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഉറപ്പാക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഉദാ- കെട്ടിട നിർമ്മാണം അസസ്സ്മെന്റ് )

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. വായ്പാ തുകയുടെ തിരിച്ചടവിന്റെ കൃത്യത നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ സെക്ഷനുകൾക്ക് ഏൽപ്പിച്ച നൽകുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

ആസ്തി സംരക്ഷണം-പഞ്ചായത്ത് ഓഫീസ് കെട്ടിടം അടിസ്ഥാന സൗകര്യം കുറവായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്ന് പ്രൊജക്ട് തയ്യാറാക്കിയത് ലക്ഷ്യം കൈവരിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള പദ്ധതി ഏറ്റെടുത്തത് മതിയായ ജീവനക്കാരില്ലാത്തതിനാലും ഭീമമായ തുക വാട്ടർ ചാർജ് ഇതത്തിൽ കുടിശ്ശിക ഉള്ളതിനാലും ഭാവിയിൽ പഞ്ചായത്തിന് വലിയ ബാദ്ധ്യത ആവാൻ ഇടയുണ്ട്. സർക്കാർ ഉത്തരവ് അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതി നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിന്ന് നടപടി സ്വീകരിച്ചിട്ടില്ല . തെരുവ് വിളക്ക് വൈദ്യുത ചാർജ് സംയുക്ത പരിശോധന നടത്തിയതിൻറ അടിസ്ഥാനത്തിൽ പുതുക്കിയ ഡിമാന്റ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. (നിലവിൽ 270 സാധാരണ ബൾബുകൾ ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ളത് പഞ്ചായത്തിൽ ഉപയോഗത്തിൽ ഇല്ലാത്തവയാണ് ). മരാമത്ത് പ്രവൃത്തികൾക്ക് മോണിട്ടറിങ് റിപ്പോർട്ട് ഉറപ്പാക്കുന്നില്ല. ടാറിങിന് പ്രാധാന്യം നൽകാതെ വ്യപകമായ റോഡ് കോൺക്രീറ്റ് ആശാസ്യമല്ല. എസ്റ്റിമേറ്റിലെ കുറഞ്ഞ അടങ്കലും ജീവനക്കാരുടെ കുറവും അടിസ്ഥാന സൗകര്യത്തിലെ അപര്യാപ്തതയും മരാമത്ത് പ്രവൃത്തികളെ സാരമായി ബാധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2021 | 9/2020 | 20.7.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.4.2010മുതൽ 22.4.2010 വരെ | 2009-10 | 28.5.2010 |

**<u>1-11 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി ലൈസൻസ് നൽകിയിട്ടില്ല</u>**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2019-2020 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, കാലികമാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനുമതി കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : നം. 15/19-20 /08-10-2021

**<u>1-12 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലെ അപാകതകൾ</u>**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം റേഷൻ കട , കള്ള് ഷോപ്പ്, എന്നീ സ്ഥാപനങ്ങളിലെ നടത്തിപ്പുകാർ , ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി 2019-2020 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(ബി) താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | അലി.ടി. |
| 2 | മുഹമ്മദ് മുബാരിസ് |
| 3 | മുഹമ്മദ് ജംഷീർ . പി. |
| 4 | മുഹമ്മദ് ഷിഹാബുദ്ദീൻ |
| 5 | അൻസാർ.എ. |
| 6 | അഷ്റഫ്.പി. |
| | |

| | |
|---|---|
| 7 | മുഹമ്മദ് ജിഷാർ. എൻ. |
| 8 | ജംഷീദ്. കെ. |
| 9 | ഷറഫുദ്ദീൻ അലി |
| 10 | മുഹമ്മദ് മുനീർ |
| 11 | മുഹമ്മദ് മുസ്തഫ |
| 12 | മുഹമ്മദ് മുബാരിസ് |

(മുൻ വർഷ റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടും തുടർനടപടി ഉണ്ടായിട്ടില്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്നതാണ് )

(സി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | പയ്യനെടം പോസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 2 | പള്ളിക്കുന്ന് പോസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 3 | കല്ലടി ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 4 | കുമരം പുത്തൂർ പോസ്റ്റ് ഓഫീസ് | രണ്ടാം അർദ്ധവർഷം |

(ഡി) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുമരംപുത്തൂർ | രണ്ടാം അർദ്ധവർഷം |
| 3 | സ്വാൻ ധനസ്പൂർത്തി ഫിനാൻഷ്യൽ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം : നം. 14/19-20/08-10-2021.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203,207,ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെകേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള പരിശോധന, നികുതി പിരിവ്, പണം അടവാക്കൽ എന്നിവയുടെ കൃത്യത , ബാധകമായ നിയമവ്യവസ്ഥകളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി നികുതി ചുമത്തൽ, നികുതി വരുമാനങ്ങളുടെലഭ്യത , നികുതി കുടിശ്ശിക ഈടാക്കപ്പെടുകയും ചെയ്യുന്നുണ്ടോ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും 10000/- മുകളിലുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. ഇപ്രകാരം 3000/- മുകളിലുള്ള വസ്തു നികുതി കുടിശ്ശികയുള്ള 55 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2019-20 സാമ്പത്തിക വർഷാവസാനത്തിൽ ആകെ **23,56455/- രൂപ കുടിശ്ശിക** പിരിച്ചെടുക്കുവാനുണ്ട്.

| വാർഡ് നമ്പർ | പേര്, വിലാസം | കെട്ടിടത്തിന്റെ തരം | തുക | കാലയളവ് |
|---|---|---|---|---|
| 15 | ഫൈസൽ(പൊള്ളക്കുന്നൻ, വട്ടമ്പലം,കുമരംപുത്തൂർ പി ഒ, 678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 36216 | 2014 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഷാനവാസ് ഖാൻ (പൊള്ളക്കുന്നൻ ഹൌസ്) ,വട്ടമ്പലം) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 23356 | വാർഡ് നമ്പർ |
| 9 | അബ്ദുൾ റഹിമാൻ(മുട്ടിക്കൽ വീട്, ചങ്ങലീരി പി ഒ,678762) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 19845 | വാർഡ് നമ്പർ |
| 9 | വി.പി.മൊയ്തീൻ(വട്ടപ്പറമ്പിൽ, കുമരംപുത്തൂർ, കുമരംപുത്തൂർ പി.ഒ,678583 | വ്യവസായത്തിനാവശ്യ മുള്ളവ-കൈത്തറിഷെഡ്, കയർ പിരി ഷെഡ് | 18561 | 2015 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഖാലിദ്(പൊന്നേത്ത്,പയ്യനെടം, പയ്യനെടം പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 16635 | 2015 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 8 | മുഹമ്മദ്(കാട്ടിക്കുന്നൻ വീട്, കുമരംപുത്തൂർ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 15158 | 2019-20 മുതൽ 2020-21 വരെ |
| 9 | അബ്ദുൾ റഹിമാൻ (മുട്ടിക്കൽ വീട്,ചങ്ങലീരി, ചങ്ങലീരി പി ഒ,678762) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 15085 | 2013-14 മുതൽ 2020-21 വരെ |

| | | | | |
|---|---|---|---|---|
| 7 | ഉബൈസ്ആൻറ്ഏലിയാസ്<br>(കണ്ണംതൊടി,കുന്തിപ്പുഴ,<br>മണ്ണാർക്കാട്<br>കോളേജ് പി ഒ,678583, | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 14926 | 2015 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 1 | റംല(മണ്ണറോട്ടിൽ) | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 14889 | 2013 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 12 | അബ്ദുൾ കരീം<br>(മല്ലിയിൽ വീട്,ചങ്ങലീരി) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 11454 | 2018-19 മുതൽ 2019-20 വരെ |
| 17 | ആയിഷാ ബീവി ഉമ്മ<br>(ആമ്പാടത്ത് വീട്,പള്ളിക്കുന്ന്) | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 11417 | 2013 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,<br>വട്ടമ്പലം,<br>കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 10188 | 2014 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,വട്ടമ്പലം,<br>കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ | 10045 | 2014 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |

കെട്ടിട നികുതിയിനത്തിൽ ഇത്രയും കുടിശ്ശികയുള്ളത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (9/8-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതിയിനത്തിൽ ഇത്രയും കുടിശ്ശിക നിലനിൽക്കെ ആയത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻറിങ് കമ്മറ്റിയുടെ

മോണിട്ടറിങ് കാര്യക്ഷമമല്ല. പരിധിയിൽ കൂടുതൽ തുകയ്ക്ക് തനത് ഫണ്ട് പ്രൊജക്ട് തയ്യാറാക്കുന്ന പഞ്ചായത്ത് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനോ കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ ശ്രദ്ധിച്ചിട്ടില്ല.

1994കേരള പഞ്ചായത്ത് ആകറ്റ് വകുപ്പ് 243(3) പ്രകാരം വസ്തു നികുതി കുടിശ്ശിക യഥാസമയം പിരിച്ചടുക്കുവാൻ നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വഷണത്തിൽ അത് നഷ്ട്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച്ച മൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ട്ടപ്പെട്ടതുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാവുന്നതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും, സ്റ്റാൻറ്റിങ്ങ് കമ്മിറ്റിയുടെയും (ധനകാര്യം) പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

<u>നിർദ്ദേശം</u>

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ് പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

2.1994 ലെ ലെകേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203,207,ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെകേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-13-1 ഷോപിങ് കോംപ്ലക്സ് ഉടമയിൽ നിന്നും വർഷങ്ങളോളമായി വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല.</u>**

1994 ലെ ലെകേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203,207,ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള പരിശോധന, നികുതി പിരിവ്, പണം അടവാക്കൽ എന്നിവയുടെ കൃത്യത എന്നിവ പരിശോധിച്ചതിൽ ഒരേ വ്യക്തിയിൽ നിന്നും വർഷങ്ങളോളമായി വസ്തു നികുതി അടവാക്കുന്നില്ല.

| വാർഡ് നമ്പർ | പേര്-വിലാസം | കെട്ടിടത്തിന്റെ തരം | തുക | കാലയളവ് |
|---|---|---|---|---|
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,വട്ടമ്പലം, കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 36216 | 2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,വട്ടമ്പലം, കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 10188 | 2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,വട്ടമ്പലം, കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ | 10045 | 2014-15 രണ്ടാം അർദ്ധ |

| | | | | |
|---|---|---|---|---|
| | | , റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ | | വർഷം മുതൽ 2019-20 വരെ |
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,വട്ടമ്പലം, കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ | 8896 | 2012-13 രണ്ടാം അർദ്ധ വർഷം മുതൽ 2019-20 വരെ |
| 15 | ഫൈസൽ(പൊള്ളക്കുന്നൻ,വട്ടമ്പലം, കുമരംപുത്തൂർ പി ഒ,678583) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ | 4781 | 2013-14 മുതൽ 2019-20 വരെ |
| | | | | **ആകെ-70126/-** |

ഇത്രയും കുടിശ്ശികയുള്ളത് പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (10/8-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട ഉടമകൾ അതാത് വർഷം തന്നെ വസ്തുനികുതി അടവാക്കുന്നത് ഭരണസമിതിയും, സ്റ്റാൻ്റിംഗ് കമ്മിറ്റിയും (ധനകാര്യം) പ്രത്യേക ശ്രദ്ധിക്കേണ്ടതും മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതുമാണ് . 1994കേരള പഞ്ചായത്ത് ആകറ്റ് വകുപ്പ് 243(3) പ്രകാരം വസ്തു നികുതി കുടിശ്ശിക യഥാസമയം പിരിച്ചടുക്കുവാൻ നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച്ച മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥൻ്റെ വീഴ്ച്ച മൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാവുന്നതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>നിർദ്ദേശം</u>

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സെക്രട്ടറി, സ്റ്റാൻ്റിംഗ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ്. പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

2.1994 ലെ ലെകേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203, 207, ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-13-2 കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി-ഡിമാൻ്റിൽ കുറവ് - വരുമാന ചോർച്ച</u>**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിൻ്റെ വിജ്ഞാപനം എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറൻ്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ :40 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 60രൂപ/ ച.മീ.

200ച.മീ. മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ : 70രൂപ/ച.മീ.

2019-20 സാമ്പത്തിക വർഷത്തിൽ 200ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് 40/ ച.മി നിരക്കിൽ അടിസ്ഥാന വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഉദാഹരണമായി

(1)സജിത കെ,പി എം ആർ ഹൗസ്,പാതായ്ക്കര"എന്ന കെട്ടിട ഉടമയുടെ കെട്ടിട ത്തിന്റ പ്ലാൻ പരിശോധിച്ചതിൽ ആകെ 210 ച.മി തറ വിസ്തീർണ്ണമുള്ളതാണ്.

അടിസ്ഥാന വസ്തു നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ച നിരക്ക്-@40/-രൂപ നിരക്കിൽ

അടിസ്ഥാന വസ്തു നികുതി ഈടാക്കേണ്ട നിരക്ക് - @70/-രൂപ നിരക്കിൽ

വിശദവിവരം ചുവടെ

| കെട്ടിട നമ്പർ നൽകിയ വിവരം | വിസ്തീർണ്ണം ച.മി | ഈടാക്കിയ തുക BT+ LC | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 7/879 | 30.06 | 1516 | 30.06*40=1202.4 | 30.06*70= 1803.6 | |
| 7/880 | 28.5 | 1430 | 28.5*40=1140 | 28.5*70=1710 | |
| 7/881 | 28.5 | 1430 | 28.5*40=1140 | 28.5*70=1710 | |
| 7/882 | 56.70 | 2859 | 56.70*40=2268 | 56.70*70=3402 | |
| 7/883 | 65.31 | 3292 | 65.31*40=2612.4 | 65.31*70=3918.6 | |
| ആകെ | **209.07** | **10527** | 8362.8 | **14634.9** | 6272.1 |

(2)കുഞ്ഞിമുഹമ്മദ്, ഇളമ്പിലക്കാട്ടിൽ,കുമരംപുത്തൂർ എന്ന കെട്ടിട ഉടമയുടെ പ്ലാൻ പരിശോധിച്ചതിൽ ആകെ 120.71 ച.മി തറ വിസ്തീർണ്ണമുള്ളതാണ്.

| കെട്ടിട നമ്പർ നൽകിയ വിവരം | വിസ്തീർണ്ണം ച.മി | ഈടാക്കിയ തുക BT+ LC | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 7/856 | 40.51 | 1876 | 40.51*40-1620.4 | 40.51*60-2430.6 | |
| 7/857 | 80.2 | 3726 | 80.2*40-3208 | 80.2*60-4812 | |
| ആകെ | 120.71 | | 4828.4 | 7242.6 | 2414 |

(3) ഹംസ, അമ്പാടത്ത്, പള്ളിക്കുന്ന് എന്ന കെട്ടിട ഉടമയുടെ പ്ലാൻ പരിശോധിച്ചതിൽ ആകെ 196.728ച.മി തറ വിസ്തീർണ്ണമുള്ളതാണ്.

| കെട്ടിട നമ്പർ നൽകിയ വിവരം | വിസ്തീർണ്ണം ച.മി | ഈടാക്കിയ തുക BT+ LC | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 16/540 | 28.104 | 1065 | 28.104*40-1124.16 | 28.104*60-1686.24 | |
| 16/541 | 28.104 | 1065 | 28.104*40- | 28.104*60- | |

| | | | | | |
|---|---|---|---|---|---|
| | | | 1124.16 | 1686.24 | |
| 16/542 | 28.104 | 1065 | 28.104*40-1124.16 | 28.104*60-1686.24 | |
| 16/543 | 28.104 | 1065 | 28.104*40-1124.16 | 28.104*60-1686.24 | |
| 16/544 | 28.104 | 1065 | 28.104*40-1124.16 | 28.104*60-1686.24 | |
| 16/545 | 28.104 | 1065 | 28.104*40-1124.16 | 28.104*60-1686.24 | |
| 16/546 | 28.104 | 1065 | 28.104*40-1124.16 | 28.104*60-1686.24 | |
| | 196.728 | | 7869.12 | 11803.68 | 3934.56 |

(4)കുഞ്ഞിമൊയ്തു, വാളിയാടി എന്ന കെട്ടിട ഉടമയുടെ പ്ലാൻ പരിശോധിച്ചതിൽ ആകെ 132.52ച.മി തറ വിസ്തീർണ്ണമുള്ളതാണ്.

| കെട്ടിട നമ്പർ നൽകിയ വിവരം | വിസ്തീർണ്ണം ച.മി | ഈടാക്കിയ തുക BT+ LC | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 15/748 | 22.42 | 1037 | 22.42*40 | 22.42*60 | |
| 15/749 | 22.42 | 1037 | 22.42*40 | 22.42*60 | |
| 15/750 | 22.42 | 1037 | 22.42*40 | 22.42*60 | |
| 15/751 | 22.42 | 1037 | 22.42*40 | 22.42*60 | |
| 15/752 | 22.42 | 1037 | 22.42*40 | 22.42*60 | |
| 15/753 | 22.42 | 1037 | 22.42*40 | 22.42*60 | |
| | 134.52 | | 5380.8 | 8071.2 | 2690.4 |

അടിസ്ഥാന വസ്തു നികുതി നിർണ്ണയിത്തിൽ പഞ്ചായത്തിന് 2019-20 ൽ മാത്രം 15311/രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-31/2110-2021 മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

കുറവായി അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചത് പുന:പരിശോധിച്ച് ആയത് കൃത്യമായി കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ് . പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

2. 1994 ലെ ലെകേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, 203,207, ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-14 വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക്- ഇളവ് ലഭ്യമാകുന്നതിന് സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.</u>

1) വിമുക്ത ഭടൻമാരുടെ 2000 ച.മീ വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് സ.ഉ (കൈ) നം. 106/2017/ ത.സ്വ.ഭ.വ തീയതി 26.05.2017 പ്രകാരം നികുതി ഇളവ് ലഭ്യമാകുന്നതിന് ഓരോ വർഷവും ഉത്തരവിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ ഒരു സാക്ഷ്യപത്രം സെക്രട്ടറിക്ക്

നൽകേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം രണ്ട് പേർക്ക് മേൽപ്പറഞ്ഞ വിഭാഗത്തിലുൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. 2019-20ലേക്ക് നികുതി ഇളവിനായി ഇവർ സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് , മേൽവിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച. മീ) | കെട്ടിടത്തിന്റെ വിസ്തീർണ്ണം സ്ക്വയർ ഫീറ്റ് |
|---|---|---|---|---|
| 1 | 8/544 | രാമചന്ദ്രൻ തെക്കെക്കര,കീർത്തനം | 212 | 2281.9 |
| 2 | 8/606 | ജയലക്ഷമി കെ.കെ ദേവീ നിലയം, കുമരംപുത്തൂർ | 193 | 2077 |

2) സഞ്ചയയിലെ (Discrepancy-Tax Exempted Building List) വിവരങ്ങളനുസരിച്ച് സ ഉ (എം എസ്) നം. 144/2015 ത.സ്വ.ഭ.വ തീയതി 27.04.15, സ ഉ (എം എസ്) നം. 358/2015 ത.സ്വ.ഭ.വ തീയതി 16.12.15 എന്നിവ പ്രകാരം നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട 39 കെട്ടിട ഉടമസ്ഥർ (60ച.മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾ) ഉത്തരവുപ്രകാരം നൽകേണ്ട സത്യവാങ്മൂലം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-15 മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ**

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവ്വത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവ്വത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവ്വത്തിയിൽ പിഴ ഈടാക്കാതെയോ/നിശ്ചിത നിരക്കിൽ കുറവായോ ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് വിശദ വിവരം ചുവടെചേർക്കുന്നു

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:279/20-അംഗനവാടി ചുറ്റുമതിൽ<br>അടങ്കൽ :800000(M.G.N.R)<br>ചെലവ്:798111/-<br>ബിൽ നം:60/2019-20/19.10.2019 -468951/-<br>എം ബുക്ക് :18/17-18<br>എഗ്രിമെൻറ് :97/AE/LSGD/KM/18-19/22.1.2019<br>കോൺട്രാക്റ്റർ :മുഹമ്മദ് ഷിഹാബുദ്ധീൻ (798844)<br>പൂർത്തീകരണ തീയ്യതി:31.3.2019 (എഗ്രിമെൻറ്)<br>പൂർത്തീകരിച്ചതീയ്യതി20.12.2019(ചെക്ക്മെഷർ) | 23964 | 0 | 23964 |
| 2)പ്രവർത്തി:281/20-ഗവ: സ്കൂൾ പെയിന്റിങ്<br>അടങ്കൽ :800000(M.G.N.R)<br>ചെലവ്:471604/-<br>ബിൽ നം:59/2019-20/6.10.2019 -471604/-<br>എം ബുക്ക് :9/19-20<br>എഗ്രിമെൻറ് :99/AE/LSGD/KM/18-19/22.1.2019<br>കോൺട്രാക്റ്റർ :വജയൻ(472276)<br>പൂർത്തീകരണ തീയ്യതി:31.3.2019 (എഗ്രിമെൻറ്)<br>പൂർത്തീകരിച്ചതീയ്യതി:30.4.2019(ചെക്ക്മെഷർ) | 14168 | 0 | 14168 |
| 3)പ്രവർത്തി:275/20-ടിപ്പുസുൽത്താൻ റോഡ്<br>ചെലവ്:2000000/-<br>ബിൽ നം:34/2019-20/4.9.2019 -200000/-<br>എം ബുക്ക് :57/19-20<br>എഗ്രിമെൻറ് :38/AE/LSGD/KM/17-18/18.12.2017<br>കോൺട്രാക്റ്റർ :മുഹമ്മദ് അലി(196628)<br>പൂർത്തീകരണ തീയ്യതി:31.3.2018 (എഗ്രിമെൻറ്<br>പൂർത്തീകരിച്ചതീയ്യതി :28.2.2019(ചെക്ക് മെഷർ | 5898 | 0 | 5898 |
| 4)പ്രവർത്തി:297/20-മാത്തിൽകുണ്ട് റോഡ്<br>അടങ്കൽ :775000(M.G.N.R)<br>ചെലവ്:754324/-<br>ബിൽ നം:10/2019-20/26.6.2019 -754324/-<br>എം ബുക്ക് :64/18-19<br>എഗ്രിമെൻറ് :66/AE/LSGD/KMP/17-1/14.3.2018 | 22629 | 0 | 22629 |

| | | | |
|---|---|---|---|
| കോൺട്രാക്ടർ :മുഹമ്മദാലി (757876)<br>പൂർത്തീകരണ തീയ്യതി:13.6.2018 (6 മാസം)<br>പൂർത്തീകരിച്ചതീയ്യതി<br>:14.3.2019(ചെക്ക്മെഷർ) | | | |
| 5)പ്രവർത്തി:253/20-മഹിള സമാജം റോഡ്<br>അടങ്കൽ :1610000(CFC )<br>ചെലവ്:1608799/-<br>ബിൽ നം:5/2019-20/7.6.2019 -1608799/-<br>എം ബുക്ക് :29/18-19<br>എഗ്രിമെൻറ് :62/AE/LSGD/17-18/22.2.2018<br>കോൺട്രാക്ടർ :അഷ്റഫ് (1608877)<br>പൂർത്തീകരണ തീയ്യതി:21.8.2018 (6 മാസം)<br>പൂർത്തീകരിച്ചതീയ്യതി :08.2.2019(ചെക്ക് മെഷർ ) | 48266 | 0 | 48266 |
